*രീതി : സ്തോത്രമേശുവേ! സ്തോത്ര*

സ്തോത്രമനന്തം സ്തോത്രമനന്തം-സർവ്വ
കർത്താ! നിൻനാമത്തിനെന്നും സ്തോത്രമനന്തം

1 നിത്യദൈവമേ! സത്യനാഥനേ!
നിന്നപത്യതയിൻ ദത്തിനായി സ്തോത്രമനന്തം

2 നിൻ നിയമിത വൃന്ദമതിൽ നീ-
യെന്നമുൻനിയമിച്ചെന്നതിനാൽ സ്തോത്രമനന്തം

3 ആദിപാതവിൽ ഹാ! മൃതനായ
എന്റെ ജീവനിന്നുയിർപ്പിനായി സ്തോത്രമനന്തം

4 തൻജഡമായ പുതുവർണ്ണവഴിയായ്
സ്വർഗ്ഗേ എന്നെയുമിരുത്തിയതാൽ സ്തോത്രമനന്തം

5 ശുദ്ധമാം നിലയിൽ നിത്യജീവനി-
ലിന്നും കാത്ത നിൻകൃപയ്ക്കുവേ സ്തോത്രമനന്തം

6 നിന്നുടെ തിരു സന്നിധിമൂലം
ഇപ്പോൾ എന്നെ നീ ശുദ്ധീകരിക്ക സ്തോത്രമനന്തം

7 നിൻ ബലമെന്നിൽ വന്നുനിറവാൻ
ഇപ്പോൾ എന്നെ നീയനുഗ്രഹിക്ക സ്തോത്രമനന്തം

8 നിൻ കൃപയിൽ ഞാനെൻ മൃതിയോളം
നിൽപ്പാനെന്നെ നീയാശീർവദിക്ക സ്തോത്രമനന്തം

9 തൻഹിതംപോലെ സർവ്വവും ചെയ്യും
നിത്യമന്നവനേ! നിൻകൃപയ്ക്കായ് സ്തോത്രമനന്തം

10 ഉന്നതമായ നിന്നുടെ നാമം
സർവ്വ സന്നുതമായ് ഭവിക്കട്ടെ സ്തോത്രമനന്തം K.V.S